പാറ്റൂരിൽ ഭവന നിർമ്മാണ വകുപ്പ് സ്ഥാപിക്കുന്ന ഫ്ളാറ്റിലെ ഡ്രെയിനേജ് സംവിധാനം

191 (3068) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് പാറ്റൂരിൽ ഭവന നിർമ്മാണ വകുപ്പ് നിർമ്മിക്കുന്ന ഫ്ളാറ്റുകളിൽ നിന്നും ഡ്രെയിനേജ് സൗകര്യത്തിനായി ആവശ്യമായ വലിപ്പത്തിലുള്ള കുഴലുകൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഈ ഫ്ളാറ്റ് പൂർണ്ണമായും താമസത്തിന് ഉപയോഗിക്കുമ്പോഴുണ്ടാകുന്ന മലിനജലവും മറ്റും ഒഴുകിപ്പോകുന്ന തരത്തിലാണോ ഇവിടെ സ്ഥാപിച്ചിട്ടുള്ള ഡ്രെയിനേജ് പൈപ്പുകൾ എന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാനും ആവശ്യമെങ്കിൽ കൂടുതൽ വലിപ്പമുള്ള ഡ്രെയിനേജ് പൈപ്പുകൾ സ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പാറ്റൂർ ഭവന നിർമ്മാണ പദ്ധതിയിൽ നിർമ്മിക്കുന്ന 198 ഫ്ളാറ്റുകളിൽ നിന്നും ഉണ്ടാകുന്ന മലിനജലവും മറ്റും ഒഴുകിപ്പോകുന്നതിനാവശ്യമായ വലിപ്പത്തിലുള്ള ഡ്രെയിനേജ് പൈപ്പുകൾ തന്നെയാണ് കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചു വരുന്നത്. വാട്ടർ അതോറിറ്റിയാണ് ഡ്രെയിനേജ് സൗകര്യത്തിനാവശ്യമായ വലിപ്പത്തിലുള്ള പൈപ്പുകളും മറ്റും സ്ഥാപിക്കുന്നത്.

ഭവന നിർമ്മാണ പദ്ധതിക്ക് വേണ്ടി ലഭിക്കുന്ന വിദേശ സഹായം

192 (3069) ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ഭവന നിർമ്മാണ പദ്ധതികൾക്ക് വേണ്ടി ഏതെല്ലാം രാജ്യങ്ങളിൽ നിന്നും എത്ര വിദേശസഹായം വീതം ലഭിച്ചു കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നും ഈ ആവശ്യത്തിലേയ്ക്കായി വിദേശ സഹായം പ്രതീക്ഷിക്കുന്നുണ്ട് ; എത്ര വീതം ;

(സി) ഏതെല്ലാം പദ്ധതികൾക്കാണ് സഹായം പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന ദുർബല വിഭാഗങ്ങൾക്കുള്ള മൈത്രീ ഭവന പദ്ധതിക്ക് വിവിധ വിദേശ രാജ്യങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly